LIBRARY ARCHIVES Kerala Legislative Assembly

തൈക്കാട് ആശുപത്രി, എസ്.എ.റ്റി. ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ ഗ്രേഡ് II, I നേഴ്സിംഗ് അസിസ്റ്റന്റ് ഒഴിവുകൾ

107 (3540) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തൈക്കാട് ആശുപത്രി, എസ്.എ.റ്റി. ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ എത്ര ഗ്രേഡ് II, I നേഴ്സിങ് അസിസ്റ്റന്റ് പോസ്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിലും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയെ ഗ്രേഡ് II, I എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ആരോഗ്യവകുപ്പിന് കീഴിലുള്ള തൈക്കാട് ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുക്കുന്നു :

തസ്തിക	നിലവിലുള്ളത്	ഒഴിവുകൾ
നഴ്സിങ് അസിസ്റ്റന്റ്	56	10

എസ്.എ.റ്റി. ഹോസ്പിറ്റലിലെ നേഴ്സിങ് അസിസ്റ്റന്റ് തസ്തികയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുക്കുന്നു:

തസ്തിക	നിലവിലുള്ളത്	ഒഴിവുകൾ
നഴ്സിങ് അസിസ്റ്റന്റ്	106	35

ഡെന്റൽ കോളേജുകൾ

108 (3541) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ എത്ര അംഗീകൃത ഡെന്റൽ കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിൽ നാല് അംഗീകൃത ഡെന്റൽ കോളേജുകൾ നിലവിലുണ്ട്.